പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 457 22.03.2018 ലെ മറുപടിക്ക്

## കയർ ഉൽപ്പന്നങ്ങളുടെ വിപണനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ.പുരുഷൻ കടലുണ്ടി | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) കയറുൽപ്പന്നങ്ങളുടെ ഉൽപാദനം സ്ഥായിയായി നിലനിർത്തുന്നതിനും വിപണനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കയർ മേഖലയിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്.മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്ര വത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുന:സംഘടന വഴി ലക്ഷ്യമിടുന്നു.മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിയുമാണ് പുന:സംഘടന നടപ്പിലാക്കുന്നത്.<br>കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണി ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) കയർ മേഖലയെയും കയറുൽപ്പന്നങ്ങളെയും സംബന്ധിച്ച് പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് | ബി) കയർമേഖലയേയും കയറുൽപ്പന്നങ്ങളെയും സംബന്ധിച്ച് പ്രചരണ പ്രവർത്തനങ്ങൾ, ബയർ സെല്ലർ മീറ്റുകൾ, കയർ കേരള, പത്ര മാധ്യമങ്ങൾ വഴിയുള്ള പരസ്യങ്ങൾ, വിവിധ വിപണന സ്റ്റാളുകൾ |

| | |
|---|---|
| സ്വീകരിച്ച നടപടികൾ എന്തെല്ലാം; | എന്നിവ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) കയർ മേളകൾ, പ്രദർശനങ്ങൾ, ക്രയവിക്രയ സംഗമം എന്നിവ സംഘടിപ്പിക്കുന്നതിനും വിവിധ പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | സി) കയർ ഉൽപ്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉൽപ്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. വിദേശ പ്രതിനിധികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ടുള്ള കയർ മേളകൾ, പ്രദർശനങ്ങൾ എന്നിവ കൂടാതെ പ്രാദേശിക ഉത്സവങ്ങളോടനുബന്ധിച്ച് സ്റ്റാളുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ഡീലർമാരെയും സ്റ്റോക്കിസ്റ്റുമാരെയും കണ്ടെത്തുവാനും മറ്റ് സംസ്ഥാനങ്ങളിലെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ഷോറൂമുകൾ വഴി ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനുള്ള നടപടിക്രമങ്ങളും നടന്നുവരുന്നു. |
| ഡി) കയറുൽപ്പന്നങ്ങളുടെ ആഭ്യന്തര വിപണി മെച്ചപ്പെടുത്തുന്നതിനായി 2017 ഒക്ടോബറിൽ ആലപ്പുഴയിൽ സംഘടിപ്പിച്ച കയർ കേരള എപ്രകാരമെല്ലാം സഹായകരമായി എന്ന് വ്യക്തമാക്കാമോ? | ഡി) ആലപ്പുഴയിൽ വച്ച് 2017 ൽ നടന്ന കയർ കേരളയിൽ വിദേശവ്യാപാരികളും എക്സ്പോർട്ടർമാരും, കയർ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്ന് കയർ ഉൽപ്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിന് വിശദമായ ചർച്ചകൾ നടത്തിയിരുന്നു. 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിക്കുന്നു. കൂടാതെ കേരളത്തിനകത്തു തന്നെ ഏകദേശം 120 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്നതിനായി എം.ജി.എൻ.ആർ.ഇ.ജി.എസ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, പ്രോജക്ട് ഓഫീസർമാർ,എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇപ്രകാരം ആഭ്യന്തര വിപണി വികസനത്തിന് 2017 ഒക്ടോബറിലെ കയർ കേരള സഹായകമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ